(ബി) ഇതു പരിഹരിക്കുന്നതിന് തഹസിൽദാർ നൽകുന്ന ജാതി സർട്ടിഫിക്കറ്റിൽ ഉപരിപഠനത്തിന് എന്ന് രേഖപ്പെടുത്തി നൽകാനും പ്രസ്തുത സർട്ടിഫിക്കറ്റിന് മൂന്നു വർഷത്തെ പ്രാബല്യം നൽകാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

മണൽവാരൽ നിയന്ത്രണം

247 [2301] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണൽവാരൽ ആക്ടിലെ 30-ാം വകുപ്പ് അനുസരിച്ച് നദികളുടെ സംരക്ഷണം ഉറപ്പു വരുത്തുന്നതിനും ലഭ്യമായ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) ഇത് സംബന്ധിച്ച് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് നടത്തിയ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ പഠനത്തിന് സർക്കാർ എന്തു തുക ചെലവഴിച്ചു;

(സി) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച എസ്. ആർ. ഒ.-കളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ജില്ലാ കളക്ടറും മറ്റ് റവന്യൂ ഉദ്യോഗസ്ഥരും മണൽവാരൽ നിയന്ത്രിക്കുന്നതിനും തടയുന്നതിനും എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു;

(ഇ) ഇവർ ഏത് നിയമപ്രകാരം എന്ത് തുകയാണ് അനധികൃതമണൽ പിടിച്ചെടുക്കുമ്പോൾ ചുമത്തുന്നത്; വിശദാംശം വ്യക്തമാക്കാമോ;

(എഫ്) മറ്റ് സംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്ന മണലിന് ചുമത്തുന്ന ഫൈൻ എത്ര; ഏത് നിയമപ്രകാരമാണ് ഈ ഫൈൻ ഈടാക്കിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(ജി) സംസ്ഥാനത്താകമാനം ഓരോ ദിവസവും എത്ര ലോറി മണൽ വിപണനം നടക്കുന്നു; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കാമോ;

(എച്ച്) അനധികൃത മണൽ വ്യാപാരം നിയന്ത്രിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) അനധികൃത മണൽഖനനവും, വിപണനവും തടയുവാൻ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എസ്. ആർ. ഒ.-കൾ സർക്കുലറുകൾ ഇവയ്ക്ക് ചുമത്തുന്നതിനുള്ള പിഴകളുടെ വ്യവസ്ഥകൾ സംബന്ധിച്ച രേഖകൾ, ഇവയ്ക്ക് ഈടാക്കുന്ന നികുതി വിവര പട്ടികകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെക്കൊണ്ട് പാലക്കാട്, എറണാകുളം, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ പഠനം നടത്തിയിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ സെന്റ്സ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും അതിലെ എല്ലാ നിർദ്ദേശങ്ങളും നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ മൂന്നു വർഷം കൂടുമ്പോഴും മണൽ ആഡിറ്റ് നടത്തുന്നതിനും ആ റിപ്പോർട്ടുകൾ സർക്കാർ കൈക്കൊണ്ട തീരുമാനത്തോട് സഭയുടെ മേശപ്പുറത്ത് വയ്ക്കുവാനും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തു.

(ബി) സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് നടത്തിയ പഠന റിപ്പോർട്ടിന്റെ പകർപ്പുകൾ 9-7-2004-ൽ സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നാണ് പ്രസ്തുത പഠനത്തിന് തുക ചെലവഴിച്ചത്.

(സി) എസ്. ആർ. ഒ. നം. 332/2002-ന്റേയും, എസ്. ആർ. ഒ. നം. 979/2003-ന്റേയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.†

(ഡി) ജില്ലാ കളക്ടർമാരും റവന്യു ഉദ്യോഗസ്ഥരും സ്വീകരിക്കേണ്ട നടപടികൾ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. അവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്. †

(ഇ) ആക്ടിലും ചട്ടങ്ങളിലും ഇത് സംബന്ധിച്ച വ്യവസ്ഥകളനുസരിച്ചാണ് പിഴ ചുമത്തുന്നത്. അവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്. †

(എഫ്) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് പാസ് ഇല്ലാതെ വരുന്ന മണൽ നിലവിലുള്ള മണൽ നിയമത്തിലെ വ്യവസ്ഥയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നു.

(ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) ഉണ്ട്. മണൽ ചട്ടങ്ങളിൽ ചട്ടം 29-ൽ (2) മുതൽ (8) വരെ ഉപചട്ടങ്ങളിൽ ഇതിലേയ്ക്കുള്ള നടപടികൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഐ) 'ഡി' വിഭാഗത്തിന്റെ ഉത്തരം ദയവായി കാണുക.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly